# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/169/2018 2018 ആഗസ്റ്റ് 03

## പത്രക്കുറിപ്പ്

### എം.ജി.യിൽ ഓണററി ബിരുദദാനം ആഗസ്റ്റ് 31ന്; ഗവർണ്ണർ പങ്കെടുക്കും

മലയാള സാഹിത്യത്തിലെ പ്രശസ്ത ചെറുകഥാകൃത്ത് ടി. പത്മനാഭൻ, പ്രവാസി വ്യവസായ പ്രമുഖനും എംകെ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറുമായ എം.എ. യൂസഫലി എന്നിവർക്ക് ആഗസ്റ്റ് 31ന് ഉച്ചയ്ക്ക് 12 മണിക്ക് സർവ്വകലാശാലാ അസംബ്ലിഹാളിൽ നടക്കുന്ന ചടങ്ങിൽ കേരളാ ഗവർണ്ണർ പി. സദാശിവം ഓണററി ഡി-ലിറ്റ് ബിരുദം നൽകും.

### അപേക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം & 2017 അഡ്മിഷൻ റഗുലർ & 2009 - 2016 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ & ഡിപ്പാർട്ട്മെന്റ്) പരീക്ഷകൾ ആഗസ്റ്റ് 31 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും. അപേക്ഷകർ പേപ്പറൊന്നിന് 150 രൂപ വീതം (പരമാവധി 600 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

### പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ ആഗസ്റ്റ് 31 മുതൽ ആരംഭിക്കും.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. ഇംഗ്ലീഷ് (ട്രിപ്പിൾ മെയിൻ, മോഡൽ 3) ന്യൂ സ്കീം 2017 അഡ്മിഷൻ റഗുലർ ബിരുദ പരീക്ഷ - ജൂൺ 2018-ന്റെ പ്രാക്ടിക്കൽ ആഗസ്റ്റ് 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (യു.ജി.) കെമിസ്ട്രി മോഡൽ I, II, III റഗുലർ/സപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 6 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ അസ്സൽ ഹാൾടിക്കറ്റ് സഹിതം പരീക്ഷയ്ക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### സംവരണ സീറ്റൊഴിവ്

കെ.എൻ. രാജ് സെന്റർ ഫോർ ഇക്കണോമിക്സിൽ എം.എ. ഇക്കണോമിക്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ താല്പര്യമുള്ള വിദ്യാർത്ഥികൾ ആഗസ്റ്റ് 6ന് രാവിലെ 10 മണിക്ക് അസ്സൽ രേഖകളുമായി ഹാജരാകണം.

സ്കൂൾ ഓഫ് ബയോസയൻസസ് ഡിപ്പാർട്ട്മെന്റിൽ 2018-19 അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളായ ബയോ ടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നീ പ്രോഗ്രാമുകളിൽ പട്ടിക വർഗ്ഗ (എസ്.ടി.) വിഭാഗത്തിൽ ഓരോ ഒഴിവു വീതമുണ്ട്. യോഗ്യരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 6ന് 10 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാകേണ്ടതാണ്.

**എം.എ. ഇക്കണോമിക്സ് അന്തിമ സ്ഥാന പട്ടിക**

2014 ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് പ്രൈവറ്റ് പരീക്ഷയുടെ അന്തിമ റാങ്ക്/സ്ഥാന പട്ടിക പ്രസിദ്ധപ്പെടുത്തി. മാല്യങ്കര എസ്.എൻ.എം. കോളേജിലെ ഹിത പി.എം., സിയോമി യോഹന്നാൻ, മൂവാറ്റുപുഴ നിർമ്മല കോളേജിലെ ആര്യമോൾ രാജേന്ദ്രൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്ക്/സ്ഥാനങ്ങൾ നേടി.

**തീസിസ് സമർപ്പിക്കണം**

പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) ഏപ്രിൽ 2018 പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ ആഗസ്റ്റ് 6ന് 4 മണിക്ക് മുൻപായി തീസിസ് കോളേജിൽ സമർപ്പിക്കേണ്ടതാണ്.

**സെനറ്റ് പുനഃസംഘടിപ്പിച്ചു**

2015-2019 കാലയളവിലെ മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റ് പുനഃസംഘടിപ്പിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**